പുളിമാത്ത് പഞ്ചായത്തിൽ വിതരണം ചെയ്ത താൽക്കാലിക കാർഡുകൾ

579 [785] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിലെ പുളിമാത്ത് പഞ്ചായത്തിൽ വിതരണം ചെയ്ത താൽക്കാലിക റേഷൻകാർഡുകൾ എത്ര ;

(ബി) ഇതിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്തത് എത്ര ;

(സി) താൽക്കാലിക കാർഡുകൾ വിതരണം ചെയ്തതിൽ എത്ര പേർക്ക് സ്ഥിരമായ കാർഡ് വിതരണം നടത്തിയിട്ടുണ്ട് ;

(ഡി) താൽക്കാലിക കാർഡുകൾ നൽകിയിട്ടുള്ളവർക്ക് സ്ഥിരമായ കാർഡുകൾ നൽകാൻ ഇതിനകം എന്തൊക്കെ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇനിയും കാർഡിനുവേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കപ്പെടാതെ കിടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; അവർക്കുകൂടി കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 402 എണ്ണം.

(ബി) കാർഡിനുവേണ്ടിയുള്ള അപേക്ഷാഫോറത്തിൽ ജാതി ചോദിച്ചിട്ടില്ലാത്തതിനാൽ ജാതി തിരിച്ചിട്ടുള്ള കണക്ക് ലഭ്യമല്ല.

(സി, ഡി) എല്ലാ താൽക്കാലിക കാർഡുകളും സ്ഥിരകാർഡുകളാക്കി മാറി നൽകിയിട്ടുണ്ട്.

(ഇ) കാർഡിനുവേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കപ്പെടാതെ കിടപ്പില്ല.

പഴയകുന്നുമ്മേൽ പഞ്ചായത്തിൽ വിതരണം ചെയ്ത താൽക്കാലിക കാർഡുകൾ

580 [786] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിലെ പഴയകുന്നുമ്മേൽ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുള്ള താൽക്കാലിക റേഷൻ കാർഡുകൾ എത്ര ;

(ബി) ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്തത് എത്ര ;

(സി) താൽക്കാലിക കാർഡുകൾ വിതരണം ചെയ്തതിൽ എത്ര പേർക്ക് സ്ഥിരമായി കാർഡു വിതരണം നടത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly